**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വേലൂർ ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ - ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് - 2002-03 – ഖണ്ഡിക 3.2 – ഓഡിറ്റ് തടസ്സം - സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാ.ധാ) നം.533/15/തസ്വഭവ തിരുവനന്തപുരം, തീയതി: 21/02/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 31/07/2014-ലെ എം3-4219/13 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 05/12/2014-ലെ L.F 14988/PT2/14 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2002-03 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം 55,477/- രൂപ ലോക്കൽ ഫണ്ട് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

വേലൂർ ഗ്രാമപഞ്ചായത്ത് 2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2-ൽ വേലൂർ വടക്കുംമുറി ശുദ്ധജല വിതരണ പദ്ധതി വെള്ളാറ്റഞ്ഞൂർ പമ്പ് ഹൗസ്, പാത്രമംഗലം ശുദ്ധജല വിതരണ പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർക്ക് ഹോണറേറിയം, റിപ്പയർ ചാർജ്ജ് എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയത് സംബന്ധിച്ച് 1998-ൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ആസൂത്രണ സഹായി -10 ഖണ്ഡിക 7-7 കുടിവെള്ള /ജലസേചന പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളത്.

ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കിയ പദ്ധതികളുടെ തുടർ നടത്തിപ്പിനും, അറ്റകുറ്റപ്പണികൾക്കു വരുന്ന ചെലവുകൾ, ഗുണഭോക്താക്കളുടെ ഗ്രൂപ്പുകൾ തന്നെ വഹിക്കേണ്ടതാണ്. ജി.ഒ. (എം.എസ്) 40/4 പ്ലാനിംഗ് 31/03/2014, 04-05 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7-4-3)

ആയതിനാൽ വേലൂർ ഗ്രാമപഞ്ചായത്ത് 2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 സംബന്ധിച്ച് തടസ്സം സാധൂകരിക്കുന്നതിന് സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ്

ഓപ്പറേറ്റർക്ക് ഓണറേറിയം, റിപ്പയർ ഫണ്ട് എന്നിവ ഗുണഭോക്താക്കളുടെ ഗ്രൂപ്പുകൾ തന്നെ വഹിക്കേണ്ടതാണെങ്കിലും, പൊതു ടാപ്പുകൾ മാത്രം ഉള്ള പദ്ധതിയായതിനാലും ഗുണഭോക്താക്കൾ ഭൂരിഭാഗവും ബി.പി.എൽ, എസ്.സി കുടുംബാംഗങ്ങൾ ആയതിനാലും 20/05/2009-ലെ സ.ഉ (സാധാ) 1275/2009/തസ്വഭവ യുടെ ഖണ്ഡിക 5-ൽ പറയും പ്രകാരം ഉപയോഗിക്കുവാൻ അനുവദിച്ച് ഓഡിറ്റ് ഖണ്ഡിക 3.2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ തടസ്സപ്പെടുത്തിയ 55,477/- രൂപ (അമ്പത്തി അയ്യായിരത്തി നാനൂറ്റിനാല്പത്തിയേഴ് രൂപ മാത്രം) യുടെ തടസ്സം ഒഴിവാക്കി സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ